ANJARAKANDY HSS

Little Kites Club



# മണിമുത്തുകൾ

Digital Magazine 2023-24



# ആശംസ

സപ്തതി ആഘോഷിക്കാൻ ഒരുങ്ങുന്ന അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിന്റെ അഭിമാനമായ ലിറ്റിൽ കൈറ്റ്സ് നിർമ്മിച്ച ഈ ഡിജിറ്റൽ

മാഗസിന് എല്ലാ ആശംസകളും നേരുന്നു ▪

**വിപി കിഷോർ**
**സ്കൂൾ മാനേജർ**

# <u>ആശംസ</u>

അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിൻറെ ലിറ്റിൽ കൈറ്റ്സ് മാഗസിൻറെ അണിയറ ശില്പികൾക്കും അധ്യാപകർക്കും എഴുത്തുകാർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

**ജ്യോതി പി വി**
**HM**

# ആശംസ

അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് നിർമ്മിച്ച ഈ ഇ - മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. പ്രഗൽഭരായ ഒട്ടേറെ വ്യക്തികളെ വാർത്തെടുത്ത ഈ സ്ഥാപനത്തിന് ഇനിയും അത് കഴിയുമാറാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

**രമേശൻ കരുവാത്ത്**
**പിടിഎ പ്രസിഡണ്ട്**

## എഡിറ്ററുടെ കുറിപ്പ്

പ്രിയരേ,

അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിച്ച ഒരു കൊച്ചു സമാഹാരമാണിത്. തീർത്തും കുഞ്ഞു കരങ്ങളിൽ വിരിഞ്ഞ ഈ അക്ഷര ചെപ്പിനെ പരിമിതികൾ ഏറെയാണ് എന്ന് ഞങ്ങൾക്കറിയാം. എങ്കിലും സഹൃദയരുടെ വിലപ്പെട്ട ആസ്വാദനത്തിനും വിലയിരുത്തെല്ലാം കുതിച്ചുകൊണ്ട് സമർപ്പിക്കുകയാണ്.

ചീഫ് എഡിറ്റർ

ശ്രീദർശ് എസ്

### എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ.

**ചീഫ് എഡിറ്റർ: ശ്രീദർശ് എസ്**

## സഹായികൾ

- **സൽവാ സാദിഖ്**
- **ലിബ അമൻ**
- **അശ്വിനി ഗോപാലൻ**
- **ദിയ ആർ കെ**
- **ഭരത് പി എസ്**
- **മയൂഖ ടി എം**

# <u>ഉള്ളടക്കം</u>


- **വടം വലി**
- അനാഥ പുഷ്പം
- അമ്മ
- വർണ്ണച്ചിറകുകൾ
- കുയിൽനാദം
- വീട്ടിൽ വന്ന അതിഥി
- ജീവമകരന്തമേ ജലമേ
- ഒരു ശവശരീരത്തിന്റെ ദൈന്യത
- പകരത്തിനു പകരം
- കാനനച്ചേല്
- പനിനീർ പൂവ്
- ഉണ്ണിക്കുട്ടന്റെ ലോകം
- മാമ്പഴം
- തിരയൊഴിയാതെ
- കവിത
- പ്രകൃതി
- പനിനീർ പൂവ്
- ***The gift of Nature***
- Little Kites Club report 2023-24

# വടം വലി

**Zoya Rahman OK**

നിദ്രയിലാണ്ടുപോയ പോയ കൊച്ചു ബാലൻ ഉണർന്നത് കോളിംഗ് ബെൽ ശബ്ദം കേട്ടപ്പോൾ ആയിരുന്നു. അവൻ പതിയെ കണ്ണുതുറന്നു ജനാലയിലൂടെ നോക്കി. ആരെയും കണ്ടില്ല പെട്ടെന്ന് അമ്മ ആ മുറിയിൽ എത്തി. നീ എഴുന്നേറ്റോ ?ഇതാ നിനക്ക് കാൽ വയ്യ എന്നറിഞ്ഞപ്പോൾ ഒരാൾ അയച്ച കത്ത് അമ്മയുടെ കയ്യിലുള്ള കത്ത് വാങ്ങി. പ്രിയപ്പെട്ട ജോണി, നിനക്ക് സുഖമാണോ എന്ന് ചോദിക്കുന്നില്ല. കാലൊടിഞ്ഞു എന്ന് അറിയാം .പേടിക്കേണ്ട, ഒരാഴ്ച മാത്രമേ നീ വീട്ടിലിരിക്കേണ്ടതുള്ളൂ. പിന്നെ, പണ്ടത്തെപ്പോലെ തുള്ളിച്ചാടാം. എന്തെങ്കിലും പറഞ്ഞു തരണമെന്ന് അതിയായ ആഗ്രഹമുണ്ട്. ഒന്നു കാണാനും നിനക്ക് കുറെ ഒഴിവുസമയം ഉണ്ടല്ലോ. നിനക്ക് ഒരു സമ്മാനവുമായി ഞാൻ നാളെ വീട്ടിൽ വരും. ബാക്കി കാര്യങ്ങൾ നാളെ പറയാം.

എന്ന്
പ്രിയപ്പെട്ട അപ്പാപ്പൻ.

കത്ത് വായിച്ചു കഴിഞ്ഞപ്പോഴാണ് അവന് സന്തോഷമായത്. എന്തായാലും അപ്പാപ്പനും കൂടെ ഒരു സമ്മാനവും നാളെ ഉറപ്പാണെന്ന സന്തോഷത്തിൽ അവൻ ഇരുന്നു. അവന് എപ്പോഴും കൂട്ടായി ചിരിപ്പിച്ചുകൊണ്ട് നടക്കുന്ന അവൻ്റെ സ്വന്തം അപ്പാപ്പൻ. സാധാരണ അപ്പാപ്പൻ വീട്ടിൽ വരുമ്പോഴൊക്കെ അവൻ വയലിലും പട്ടണത്തിലും ഒക്കെ പോയി ഉല്ലാസ്

യാത്ര തന്നെ നടത്താറുണ്ട്. പക്ഷേ നാളെ അതിനൊന്നും കഴിയുകയില്ലെന്ന കാര്യം അവനെ വല്ലാതെ അലട്ടി. കാലൊടിഞ്ഞില്ലായിരുന്നെങ്കിൽ .....അവൻ ഓർത്തു .കൂട്ടുകാർ മരത്തിൽ കയറുന്നത് കണ്ട് ഒരു ആഗ്രഹത്തിന് കയറിയപ്പോൾ എങ്ങനെ ഇറങ്ങും എന്നായി. പേടിയോടെ ഇറങ്ങി വരുന്നതിനിടെ അവൻ കാൽ തെറ്റി വീണു.

അവൻ്റെ കൂട്ടുകാർ ഒരു വല പോലെ നിന്നിരുന്നതിനാൽ അവൻ രക്ഷപ്പെട്ടു. എന്നാലും അവൻ്റെ ഒരു കാൽ മരത്തിൽ ശക്തമായി ഇടിച്ചു. ചോര കണ്ടു പേടിച്ച് വേഗത്തിൽ ആശുപത്രിയിലോട്ട് അവർ അവനെ എത്തിച്ചു. കൂടെ അമ്മയുണ്ടായിരുന്നു. ആശുപത്രിയിൽ വെച്ച് കാൽ കെട്ടുന്നതിനിടെ ഉറങ്ങിയ ജോണി ഉണർന്നത് ഇപ്പോഴാണ്. ഇരുട്ട് വന്നു , പ്രകാശം മാഞ്ഞു .പ്രകാശം വന്നു ഇരുട്ടു മറഞ്ഞു. പ്രാതലിനു ശേഷം തുടങ്ങിയ ജോണിയുടെ കാത്തിരിപ്പിന് വിരാമമുണ്ടായത് വൈകുന്നേരം ആയിരുന്നു. അപ്പാപ്പനും ജോണിയും ഒരുമിച്ച് ചായ കുടിച്ചു. അപ്പാപ്പൻ സമ്മാനവുമായി വരുമെന്ന് പറഞ്ഞിട്ട് സമ്മാനം എവിടെ? അക്ഷമയോടെയുള്ള ജോണിയുടെ ചോദ്യത്തിനു മറുപടിയായി അപ്പാപ്പൻ അവന് സമ്മാനം നൽകി. ഒരു പുസ്തകം കഥാപുസ്തകം. എനിക്ക് വായിക്കാൻ വലിയ താല്പര്യം ഒന്നുമില്ല എന്നകാര്യം അപ്പാപ്പന് അറിയാമല്ലോ .ജോണി അതെനിക്കറിയാം ഒഴിവുസമയം പുതിയ ശീലം തുടങ്ങാൻ പറ്റിയ സമയമാണ്. വായന ശീലിക്കാൻ ഇപ്പോൾ കഴിയുന്ന ഒരു നല്ലശീലം .

ഇന്ന് നിനക്ക് ഈ പുസ്തകം വായിക്കാൻ തോന്നില്ല. നീ പുസ്തകം ആ മേശയിൽ വെച്ചേക്ക്. അപ്പാപ്പാ സമ്മാനത്തിന്റെ കാര്യം അവിടെ നിൽക്കട്ടെ. എൻ്റ കാൽ ഒരാഴ്ച കൊണ്ട് ശരിയാവുമെന്ന് ഉറപ്പല്ലേ ?ജോൺ അപ്പാപ്പനോട് പതുക്കെ ചോദിച്ചു. ഉറപ്പാണ് ഇത് വിഷമിക്കേണ്ടതില്ലെന്ന് ഞാൻ പറഞ്ഞതല്ലേ? ഈ വടംവലിയിൽ മോൻ ജയിക്കും. വടംവലിയോ ?ഒടിഞ്ഞ കാൽവെച്ച് ഞാൻ വടംവലി ജയിക്കാനോ? ജോണി

അത്ഭുതപ്പെട്ടു. എന്താ പറയുന്നേ? എനിക്ക് മനസ്സിലായില്ല .നീ വടംവലി ജയിക്കുമ്പോൾ ഞാൻ തന്നെ പറഞ്ഞുതരാം. ഇപ്പോൾ ഞാൻ പോകട്ടെ ,എന്നാലേ രാത്രിക്ക് മുമ്പ് വീട്ടിലെത്താൻ കഴിയൂ. അപ്പാപ്പൻ അതും പറഞ്ഞ് യാത്ര തുടങ്ങി.
സങ്കടത്തോടെയാണ് ജോണി അപ്പാപ്പനെ യാത്ര അയച്ചത്. തന്റെ കാഴ്ചയിൽ നിന്നും അപ്പാപ്പൻ മറയുന്നതുവരെ ജോണി നോക്കി നിന്നു.

സന്ധ്യവരെ സമയം പോയത് അറിയാത്ത ജോണി ,പിന്നീട് സമയത്തോടു പോരാടാൻ ശ്രമിച്ചെങ്കിലും അതിന് കഴിയുന്നില്ല . അപ്പൻ പോയിരുന്നില്ലായിരുന്നില്ലെങ്കിൽ എന്നവൻ ആഗ്രഹിച്ചു. പെട്ടെന്നാണ് അവൻ കഥാപുസ്തകം ശ്രദ്ധിച്ചത് .എടുത്തു വായിക്കാൻ തുടങ്ങി. തുടക്കം മനസ്സില്ലാ മനസ്സോടെ ആയിരുന്നുവെങ്കിലും തുടങ്ങിയപ്പോൾ അവന് ഉത്സാഹം ആയി. ഉറങ്ങുന്നതുവരെ അവൻ വായനയായിരുന്നു. ഉത്സാഹത്തോടെ പുസ്തകം വായിക്കുന്നത് കണ്ടു എല്ലാവരും ആശ്ചര്യപ്പെട്ടു. അമ്മയും അപ്പാപ്പനും ജോണിക്ക് പുസ്തകങ്ങൾ കുറെ വാങ്ങിച്ചു കൊടുത്തു. അവൻ എല്ലാം വായിച്ചു. ഒരാഴ്ച കഴിഞ്ഞു .കാലിൻ്റെ കെട്ടഴിച്ചു .എല്ലാം ഭേദമായി. അവൻ കൂട്ടുകാരുടെ കൂടെ കളിക്കാൻ തുടങ്ങി. അപ്പോഴും അവൻ വായനാശീലം കൈവിട്ടില്ല. അത് അവനിൽ ഉറങ്ങിക്കിടന്ന സാഹിത്യകാരനെ ഉണർത്തി .ഭൂമി വിറച്ചു, സൂര്യൻ കോപിച്ചു, മേഘങ്ങൾ കരഞ്ഞു, പൂക്കൾ പാട്ടുപാടി .ഇത് തുടർന്നുകൊണ്ടേയിരുന്നു .ആ കൊച്ചു ബാലനായ ജോണി ഇന്നത്തെ സാഹിത്യകാരൻ. ജോണി മാത്യൂസ് എന്ന ഞാനാണ് ആ ബാലൻ. സാഹിത്യത്തിലോട്ടുള്ള വരവിനെക്കുറിച്ച് ജോണി മാത്യൂസ് പറഞ്ഞു കഴിഞ്ഞു എന്നാണ് അവർ കരുതിയത്.

എല്ലാവരുടെയും മനസ്സിൽ നിറയെ ഒരു ചോദ്യം .ഒരാൾ അത് ചോദിച്ചു .സാർ, എന്തായിരുന്നു ആ വടംവലി ?സർ ,അതിൽ വിജയിച്ചോ? ജോണി മാത്യൂസ് ഒന്ന് ചിരിച്ചു. ഞാൻ അത് പറയാനിരിക്കുകയായിരുന്നു

.എല്ലാവരും നിശബ്ദത പാലിച്ചു. അന്ന് ഞാൻ മരത്തിൽ നിന്നും കാലൊടിഞ്ഞു  വീണത് കൊണ്ടാണ് ഞാൻ ഇന്നൊരു സാഹിത്യകാരൻ ആയത്. ആ വീഴ്ച ഉണ്ടായിട്ടില്ലെങ്കിൽ ഞാനൊരു സാഹിത്യകാരൻ ആകില്ലായിരുന്നു. ഇതു തന്നെ അപ്പാപ്പൻ അന്ന് വടംവലി ഉദ്ദേശിച്ചത് .പിറകോട്ട് കുതിക്കുമ്പോഴാണ് നാം വടംവലിയിൽ മുന്നേറുക ജീവിതത്തിന്റെ ഒരു ഭാഗം ,അതാമീ വടംവലി .നമ്മെ തളർത്തുന്ന തളർത്തിക്കൊണ്ടു പിന്നോട്ട് വലിക്കുന്നു വെന്ന് നമുക്ക് തോന്നുന്ന പല സാഹചര്യങ്ങളും ഒരു മുന്നേറ്റത്തിന്റെ തുടക്കമോ ഒരു ഭാഗമോ ആണ്. അതാണ് ജീവിതത്തിലെ വടംവലി.

# അനാഥ പുഷ്പം

**Sreedarsh S**

മഴക്കാലമാണ് തറവാട്ടുപുരയിലെ ഉമ്മറത്ത് ചാരു കസേരയിൽ അമ്മ ഇരിക്കുന്നു ജലാംശം  കുനിക്കുട്ടി ചാർത്തുകിടക്കുന്ന അമ്മമ്മയുടെ മുഖത്ത് ഒറ്റപ്പെട്ടുപോയതിന്റെ വിരസത പ്രത്യക്ഷമാണ്. നിറം മങ്ങിയ സാരി മുത്തശ്ശിയുടെ ജീവിതാസ്വാദനം ഇല്ലാത്തതിന്റെ സൂചനയാണ് പുറത്ത്. മഴ പഞ്ചവാദ്യങ്ങളോടെ ഘോഷമാക്കുകയാണ്. പുറത്ത് ചുറ്റും മഴ തോരണം തൂക്കി ഇരിക്കുകയാണ്. ആ സമയം മുത്തശ്ശി തൻറെ ആനന്ദകരമായി കടന്നുപോയ ജീവിത ചിന്തകളിലേക്ക് വഴുതിവീഴുന്നു. വീട് നിറയെ ആളുകളും ആരവങ്ങളും ഉണ്ടായിരുന്നു. വസന്തകാലം. തൻ്റെ കീഴിൽ താൻ പോറ്റി വളർത്തിയ മക്കളെയും അവരോടൊത്തുള്ള മനോഹര നിമിഷങ്ങളും അമ്മമ്മയുടെ മനസ്സിൽ ഒരു പ്രകാശമായി തെളിഞ്ഞു .എന്നാൽ ഇന്ന് മുത്തശ്ശി അനാഥയാണ്.

താങ്ങും തണലുമായ ജീവിതപങ്കാളിയുടെ വേർപാടും സമ്പത്തിന് വേണ്ടിയുള്ള മക്കളുടെ പരക്കംപാച്ചിലും മുത്തശ്ശിയെ ഏകാന്തതയിലേക്ക് വലിച്ചെറിഞ്ഞു. ജോലിത്തിരക്കിനിടയിലുള്ള മക്കളുടെ ഇടക്കുള്ള വരവാണ് ദുഃഖം കൂടിയ ആ മുത്തശ്ശിയുടെ ജീവിതത്തിലെ ഏക സന്തോഷം. ഇന്ന് മക്കളുടെ ആ എത്തിനോട്ടവും പതുക്കെ കുറഞ്ഞുവരുന്നു. പെട്ടെന്ന് മഴയുടെ ശക്തമായ ഗർജനം കേട്ട് മുത്തശ്ശി ചിന്തകളിൽ നിന്ന് ഉണർന്നു .അപ്പോൾ പുറത്തും മുത്തശ്ശിയുടെ മിഴിയിലും മഴ പെയ്യുന്നുണ്ടായിരുന്നു

# അമ്മ

മാതൃത്വം തുളുമ്പും നിൻ   നെഞ്ചിൽ
ചാർന്നിടുമ്പോൾ കാർമേഘം മാഞ്ഞ്    ആകാശം തെളിവാകുന്നു.
നിൻ തലോടലിൽ എൻ
ചിത്തം പോലും പൊന്നാകുന്നു.
നിൻ താരാട്ട് പുഷ്പവാടിയിലെ
കോകില നാദമാകുന്നു.
എന്നും നിൻ കരുതലിൽ ഞാൻ ലോകം പോലും മറക്കുന്നു.

# വർണ്ണച്ചിറകുകൾ

വർണ്ണ ചിറകുകൾ വിടർത്തി നിൻ മാന്ത്രിക പൂമ്പൊടി വീശി .
പൂക്കൾ തോറും പാറിനടന്ന് പൂന്തേൻ ഒത്തിരി നുകർന്ന് .
പാട്ടും പാടി പൂക്കൾ തോറും പാറി നടക്കുന്നതെന്തിന്?
വർണ്ണ ഇതളുകൾ വിരിഞ്ഞു നിൽക്കും
പൂക്കളിൽ സ്നേഹം വിതരുന്നതെന്തിന്?

# കുയിൽനാദം

കാട്ടുപൂഞ്ചോലയിലെ
കാട്ടു തേൻമാവിലെ
കോകില നാദം എങ്ങു
പോയി?
മാനത്തേക്കിലെ നിൻ
പുള്ളി തുവലുകൾ എങ്ങു പോയി?
പുഷ്പ വാടിയിലെ തേൻമാവിലെ നിൻ മാധുര്യഗാനം എങ്ങുപോയി ?
കാട്ടുപൂഞ്ചോലയിലെ
കാട്ടു തേന്മാവിലെ
കോകില നാദം എങ്ങു പോയി?

Sriva Amesh

# വീട്ടിൽ വന്ന അതിഥി

Sanmaya Aneesh Babu

എത്ര വേഗമാണ് കാലം കഴിഞ്ഞു പോയത്. വേനലവധി തുടങ്ങി. അപ്പുവിന് വളരെ സന്തോഷമായി. ഇന്നുമുതൽ എനിക്ക് കളിക്കുകയും, ഉറങ്ങുകയും ഒക്കെ ചെയ്യാം .അപ്പു ആനന്ദത്തോടെ ചിന്തിച്ചു. അപ്പൂ..... എഴുന്നേൽക്ക്,അമ്മ അടുക്കളയിൽ നിന്ന് വിളിച്ചുപറഞ്ഞു. സ്കൂളൊക്കെ പൂട്ടിയില്ലേ കുറച്ചുസമയം കൂടി ഉറങ്ങട്ടെ അമ്മേ. അവൻ പുതപ്പുകൊണ്ട് മുഖം മറച്ചു വീണ്ടും ഉറക്കം തുടങ്ങി. രാവിലെ തന്നെ എൻറെ അടി വാങ്ങിക്കേണ്ട വേഗം വാ. ഞാ വരുന്നുണ്ട്. അവൻ ഉറക്കച്ചടവോടു കൂടി പാതി തുറന്ന കണ്ണുമായി പുറത്തേക്ക് വന്നു. മുഖം കഴുകി വരാന്തയിൽ ഇരുന്നു. അവൻ പുറത്തെ പ്രകൃതി സൗന്ദര്യം ഒന്ന് കണ്ണോടിച്ചു.

പെട്ടെന്നാണ് വരാന്തയിൽ തൂക്കിയിട്ട ടർട്ടിൽ വൈൻ ചെടിയുടെ മേലെ മനോഹരമായ ഒരു കുഞ്ഞു പക്ഷി ഇരിക്കുന്നത് കണ്ടത്. ആ കിളി ആരെയോ അന്വേഷിക്കുന്നതായി അപ്പുവിന് തോന്നി. ആരാ എന്ന് കാണാൻ അവനു തിടുക്കമായി. കുറച്ചു കഴിഞ്ഞപ്പോൾ ഉണങ്ങിയ വാഴയിലയുടെ കഷണവുമായി വേറൊരു കിളിയും വന്നു .രണ്ടുപേരും കൂടുണ്ടാക്കുകയാണ്. അപ്പുവിന് കൗതുകമായി .അവൻ അനങ്ങാതെ അത് നോക്കിയിരുന്നു. പെട്ടെന്ന് രണ്ടു കിളികളും പറന്നുപോയി. അപ്പൊ മെല്ലെ തൂക്കു ചെടിയുടെ അടുത്ത് ചെന്ന് അതിലേക്ക് എത്തിനോക്കി.

കൂട് ഏതാണ്ട് പകുതി പൂർത്തിയായിരിക്കുന്നു .ഏറെ നേരം കഴിഞ്ഞില്ല ,കിളികൾ രണ്ടും വീണ്ടും വന്നു. രണ്ടിന്റെയും കൊക്കിൽ വാഴയിലയുണ്ട് ഒരു കിളി ചെടി തൂക്കിയിട്ട ചരടിൽ വന്നിരുന്ന് അപ്പുവിനെ നോക്കി. മറ്റേ കിളി അപ്പുവിന്റെ തലയ്ക്കു മീതെ വട്ടമിട്ട് മുറ്റത്തെ ചെമ്പരത്തി ചെടിയുടെ ചില്ലയിൽ പോയിരുന്നു. അപ്പുവിന് വിഷമമായി. തന്നെ കണ്ടതിനാൽ കിളി ഇനി വരാതിരിക്കുമോ? അപ്പുവേഗം അകത്തേക്ക് കയറി. കതകടച്ചു. പുറത്തേക്ക് നോക്കിയിരുന്നു.

പെട്ടെന്ന് ചെമ്പരത്തി കൊമ്പിൽ ഇരുന്ന കിളി കൂടിനുള്ളിലേക്ക് കയറി പിന്നാലെ മറ്റേ കിളിയും. ആശ്വാസമായി കിളി വന്നല്ലോ .ഒരു കിളി അകത്തുനിന്ന് കൂടുണ്ടാക്കുമ്പോൾ മറ്റേ കിളി നാരുകളും വാഴയിലുകളും കൊണ്ടുകൊടുത്തു. അവൻ കുറേനേരം അതു തന്നെ നോക്കിയിരുന്നു. ചായ കുടിക്കാലോ ,അമ്മ അപ്പുവിനെ വിളിക്കുന്നുണ്ട്. വഴക്ക് കിട്ടുന്നത് പേടിച്ച് അവൻഅകത്തേക്ക് പോയി. അവൻ അമ്മയോട് കുഞ്ഞിക്കിളികൾ കൂടുകൂട്ടുന്നുണ്ടെന്ന് പറഞ്ഞു.

അവൻറെ ശരീരം മാത്രമായിരുന്നു കസേരയിൽ. മനസ്സ് കിളിക്കൂട്ടിൽ അലയുകയാണ്. പിറ്റേന്ന് മുതൽ അമ്മ വിളിക്കാതെ തന്നെ എഴുന്നേറ്റു. എല്ലാ ദിവസങ്ങളിലും അവൻ്റെ ആദ്യ കണി തൂക്കിയിട്ട ടർട്ടിൽ വൈനും അതിലെ കൂടുമായിരുന്നു. ഇപ്പോഴത്തെ കാലത്ത് കുട്ടികൾ മൊബൈൽ ഫോണിന് അടിമയാകുമ്പോൾ തന്റെ മകൻ പ്രകൃതിയിലെ ജീവജാലങ്ങൾക്കു നൽകുന്ന പരിഗണന കണ്ട് അച്ഛന് അഭിമാനം തോന്നി. അങ്ങനെയിരിക്കെ ഒരു ദിവസം അച്ഛൻ അപ്പുവിനോട് പറഞ്ഞു. ഇപ്പോൾ കൂട്ടിനുള്ളിൽ കിളികളുടെ മുട്ടയുണ്ട്. സത്യമാണോ ?അവൻ കൂടിനടുത്തേക്കോടി.

അച്ഛൻ അവനോട് പറഞ്ഞു  പറഞ്ഞു ഇപ്പോൾ നോക്കാൻ പാടില്ല. അതെന്താ? എനിക്ക് കാണണം. അപ്പു വാശി പിടിച്ചു. ഇപ്പോൾ കൂട്ടിൽ അമ്മയ്ക്കിളി ഉണ്ടാകും .നമ്മളെ കണ്ടാൽ അതു കൂടു വിട്ടു പോകും. കാണാൻ ആഗ്രഹമുണ്ടായിരുന്നു .പക്ഷേ അച്ഛൻ പറഞ്ഞത് കേട്ടപ്പോൾ കിളി കൂടു വിട്ടു പോകുമെന്ന് കരുതി അവൻ അകത്തേക്ക് പോയി .ഏറെ നാൾ ഒന്നും കഴിഞ്ഞില്ല ഒരു ദിവസം രാവിലെ അപ്പു വരാന്തയിലേക്ക് കടന്നപ്പോൾ കുഞ്ഞു കിളിയുടെ ശബ്ദം കേട്ടു .അവൻ ആഹ്ലാദത്തോടെ അച്ഛനെവിളിക്കാൻ വേണ്ടി ഓടി .അച്ഛാ, കൂടിനുള്ളിൽ മുട്ടകൾ വിരിഞ്ഞു. ഞാൻ വരാന്തയിലേക്ക് ചെന്നപ്പോൾ കുഞ്ഞുവിളികളുടെ ശബ്ദം കേട്ടു. അതെയോ ?

അച്ഛൻ ഇതാ വരുന്നു അച്ഛനും അപ്പുവും വരാന്തയിലേക്ക് നടന്നു പോയി. അമ്മക്കിളി പുറത്തേക്ക് പോയത് കണ്ടപ്പോൾ അച്ഛൻ പതുക്കെ കൂടിനുള്ളിലേക്ക് നോക്കി .അഞ്ചു കുഞ്ഞുങ്ങളുണ്ട്. പെട്ടെന്ന് അമ്മക്കിളി കുഞ്ഞിക്കിളികൾക്ക് ഭക്ഷണവുമായി വന്നു. കൂടിനുള്ളിലേക്ക് പോയി

.കുഞ്ഞുങ്ങൾ കുറച്ചു വലുതായപ്പോൾ ഓരോന്നായി പുറത്തേക്ക് മെല്ലെ പറന്നുപോയി. ഒരു കിളി മാത്രം ത്തുക്കു ചെടി യുടെ കയറിൽ ഇരുന്നു. അത് അപ്പുവിന്റെ വീട്ടിന്റെ ഉള്ളിലേക്ക് പറന്നുവന്നു .അപ്പു മുറിയിൽ ആയിരുന്നു. അവൻ കണ്ടില്ല. അപ്പുവിൻ്റെ അച്ഛനാ കിളിയെ കയ്യിലെടുത്തു അപ്പുവിനെ വിളിച്ചു. അപ്പൂ,ഒരാളെ കാണണോ ?ആരാ? അവൻ വിളിച്ചു ചോദിച്ചു .വേഗം ഇവിടെ വാ ,അപ്പോൾ കാണാം .അച്ഛൻ പറഞ്ഞത് കേട്ട് അവൻ ഓടിച്ചെന്നു അച്ഛൻ്റെ കയ്യിലെ കിളിയെ കണ്ട അപ്പുവിൻ്റെ ആനന്ദം പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. അച്ഛൻ അവറെ കൈയിലേക്ക് കിളിയെ വെച്ചുകൊടുത്തു. ഇത്രയും നാൾ അവൻ നോക്കിക്കൊണ്ടിരുന്ന കിളി ഇപ്പോൾ അവന്റെ കയ്യിൽ എത്തി.

ആ കിളിയെ അച്ഛനും അപ്പുവും കൂടി കൂടിലേക്ക് വിട്ടു പിറ്റേദിവസം രാവിലെ അവസാനത്തെ കിളിയും കൂടുവിട്ടു പോയി. വിഷമം അടക്കാൻ കഴിഞ്ഞില്ല .അവനെ ആശ്വസിപ്പിക്കാൻ വേണ്ടി വേറെ കിളികൾ വീണ്ടും ഇവിടെ വരുമെന്ന് പറഞ്ഞു. ആ പ്രതീക്ഷയിൽ അവൻ മുന്നോട്ട് പോയി.

# ജീവമകരന്തമേ ജലമേ

**Drishya Sunilkumar**

ഈയുഴിലലതല്ലമോളങ്ങളെ
നിന്നാലറിയട്ടെ ഞാൻ പ്രകൃതി തൻ മാധുര്യത്തെ
ശക്തിയായ്, ബുദ്ധിയായ് സൂത്രത്തിൻ നിനവായ്
ഊർജ്ജത്തിന്നാധാരമായുറഞ്ഞ് തുള്ളും
നറുങ്ങു തുള്ളികളെ നിങ്ങൾക്ക് സ്വാഗതം
വഴിഞ്ഞൊഴുകിയും സരസുന്ദരിയാം
അരുവിതൻ കുഞ്ഞുങ്ങളെ നിങ്ങൾക്ക് വന്ദനം
ത്രിമുഖിയായ് നീയണിയത്തു വന്നണയുമ്പോൾ
പരർക്ക് നീ വെറും നികൃഷ്ടമാം ജലമെങ്കിലും
അതിശക്തമായ് അനലടി വെക്കും
ഈ വേനൽ വേളയിലൊരു തുണയതു നീയെ
ആറ്റിനോരത്തെ ചുമ്പിച്ചു
വിരഹം വിഴുങ്ങി അകലുമ്പോഴും
സ്വയം പഴിച്ചുൾവലിഞ്ഞകലുമ്പോഴും
പ്രകൃതിതൻ സമൃതിക്കൊരേയൊരു സംരക്ഷകയതു
നീതന്നെയിത് പ്രപഞ്ച സത്യം
നിൻ അഭാവത്തിൽ വരൾച്ചയും
നിൻ പ്രതികാരത്തിൽ പ്രളയമാം സംഹാര താണ്ഡവവും

അനുഭവഭേദ്യമാം ഭൂമി തന്നവകാശികളിതുൾക്കൊണ്ടിടുന്നു
ജനനിതൻ തലോടലായുടൽ നൽകും സലിലമ....
ജനിതാവിന്നൂർജ്ജം പകർന്നു നൽകും തോയമേ
പ്രാണന്നാധാരമേ, പ്രാണ മകരന്തമേ....
പ്രാണവായുവിൻ പ്രധാന സംയുക്തമേ....
ജഗന്നാഥൻ്റെ ജല വിദ്യയും നീയല്ലയോ.....
ജഗത്തിന്നു ജ്ജ്വല തും നിയല്ലയോ.....
നിൻ്റെ സ്നേഹ മത്യന്താപേക്ഷിതം
നിൻ്റെ കരുതലിത് കരളലിയിക്കും കൗതുകവും
നിൻ്റെ പുഞ്ചിരിയിത് എനിക്ക് ശ്വാസവും
അതെന്നാൽ ,നിൻ്റെ സംരക്ഷണമതെൻ കർത്തവ്യം
അറിയുക നീ നിനവേ, നീ നമ്മൾ തൻ നിധി താൻ .

# ഒരു ശവശരീരത്തിന്റെ ദൈന്യത

**Chithra P**

എന്റെ ജീവിതം നഷ്ടമായത് പോലെ
എന്റെ ശരീരം ശവസംസ്കാരത്തിനു കഴിയാത്തതുപോലെ
അതു കൊണ്ടാണ് ഞാൻ ഈ ഡിസെക്ഷൻ കിടക്കയിൽ കിടക്കുന്നത്.

നിങ്ങൾ എന്നെ മുറിക്കുന്നു,വേർപ്പെടുത്തുന്നു
പക്ഷെ നിങ്ങളുടെ പഠന ശരീരഘടന കൃത്യമായിരിക്കണം.

തണുത്ത വെള്ളത്തിനായ് ഒരു ഫ്രിഡ്ജ് പോലും സ്വപ്നം കാണാൻ
കഴിയില്ല
ഇപ്പോൾ എന്റെ ശരീരഭാഗങ്ങൾ റഫ്രിഡ്ജറേറ്ററിൽ സൂക്ഷിക്കുന്നു
യുവവിദ്യാർഥികൾ എന്റെ ചുറ്റും ഇരിക്കുന്നു.

അയഞ്ഞ അസ്ഥികൾ പോലെ അസ്ഥികൂടങ്ങൾ അല്ലെങ്കിൽ അവരുടെ
ബാഗുകളിലും ഹോസ്റ്റൽ റൂമുകളിലും
ഞാൻ ചിലപോഴൊക്കെ അവരുടെ കിടക്കയിലും ഉണ്ട്
ഓ...! നരകത്തിൽ നിന്നും സ്വർഗത്തിലേക്കുള്ള പ്രമോഷൻ

# പകരത്തിനു പകരം

**Aadit V**

കാലം തെറ്റി പെയ്യുന്ന മഴ
കത്തിജ്വലിക്കുന്ന വേനൽ
ദാഹജലത്തിനായി കേഴുന്ന
 പക്ഷിമൃഗാദികൾ!
കാടെന്നില്ലാതെ വന്യമൃഗങ്ങൾ
മനുഷ്യരും മനുഷ്യരും യുദ്ധ-
മിപ്പോൾ മനുഷ്യരും മൃഗവുമായി.
പോരാടുന്നു ജീവനു വേണ്ടി.
അരിക്കൊമ്പൻമാർ, കരടി, പുലി-
കളരങ്ങു വാഴുന്നു
ഗതി മുട്ടി മനുഷ്യനും
കാട് വെട്ടിയപ്പോഴോർത്തില്ല
കാലമിങ്ങനെയും ഉണ്ടെന്ന്

# കാനനച്ചേല്

Ashwini Gopalan

ഈ മനോഹര ദൃശ്യം
എൻ സ്വപ്നമാണോ?
എൻ കണ്ണുകൾ, കള്ളം പറയുന്നതാണോ?
ഈ സുന്ദരദ്യം കുളിർമയാകുന്നു
എൻ മനസ്സിൽ....

മലമുകളിൽ നിന്നും വെള്ളപരവതാനി
വലിച്ചെറിയുന്നത് പോലെ

പച്ചപ്പിൽ പൊതിഞ്ഞ സ്നേഹം പോലെ ...

കണ്ണുകളിൽ നിന്നും മായുന്നില്ല ഈ ദൃശ്യം..
എൻറെ കണ്ണുകളിൽ കാണുമായിരുന്നു ആ സന്തോഷം.
മനസ്സ് ശൂന്യമായി
ഒരു നിമിഷം സന്തോഷം
എൻ മനസ്സിൽ നുഴഞ്ഞുകയറി.

# പനിനീർ പൂവ്

Lamiya AC

അന്നത്തെ രാത്രി ഇരുണ്ടതായിരുന്നു. ശാന്തമായ ഒഴുകുന്ന പുഴ. അലൃഷിതമായ തഹൃദയം കൈയ്യിലൊരു പനിനീർ പൂവ്.

ജീവിതത്തെ അർത്ഥമില്ലെന്നു തോന്നിയ നിമിഷങ്ങൾ. ആ നിമിഷങ്ങൾക്കുള്ളിൽ പാഞ്ഞു ചിന്തകൾ, ചിന്തകൾക്ക് മുന്നേയുള്ള തീരുമാനങ്ങൾ. തീരുമാനിച്ചതിലും വേഗത്തിലുള്ള എടുത്തുചാട്ടങ്ങൾ. അതിൽ അവസാനിക്കുന്ന ജീവിതങ്ങൾ.

അന്നത്തെ രാത്രി ഇരുണ്ടതായിരുന്നു. ശാന്തമായൊഴുകുന്ന പുഴ. അതിന് ആഴങ്ങളിൽ ഒരു പനിനീർ പൂവ്. ഹൃദയത്തിൻറെ നിറം ചാർത്തപ്പെട്ട ഒരു പനിനീർ പൂവ്. അതു മെല്ലെ കരയിലേക്ക് അടുക്കുകയാണ്.

ഒന്ന് ജനുവരി മാസത്തിലെ വെള്ളിയാഴ്ചയുടെ തുടക്കമായിരുന്നു. ലില്ലി ആന്റിയുടെ ഓർമ്മ ദിവസം. അത് തറവാട്ടിൽ വച്ചാണ് നടക്കുന്നത്. സത്യം പറഞ്ഞാൽ ഞാൻ കാത്തിരുന്നത് എബിയെയാണ്. ഇല്ല ആൻറി ഏറ്റവും കൂടുതൽ സ്നേഹവും വാത്സല്യവും ഒക്കെ തന്റെ മകനായ എബിയോടാണ്. ഭർത്താവ് മരിച്ചതിൽ പിന്നെ മകനായിരുന്നു അവരുടെ ലോകം. തന്റെ അമ്മയെ മരണം കവർന്നശേഷം എല്ലാ വെള്ളിയാഴ്ചയും എബി അമ്മയുടെ ശവകുടീരത്തിനടുത്ത് പോകും.

അത് അവൻറെയും അമ്മയുടെയും മാത്രം നിമിഷങ്ങൾ ആയിരുന്നു. ഇത് ഇവനെ കൂടുതൽ പ്രേരിപ്പിച്ചത് എൻറെ അമ്മ എനിക്ക് വേണ്ടിയാണ് ലോകത്തോട് തന്നെ വിട പറഞ്ഞത് എന്ന് ഓർത്തിട്ടാണ്. ഒരുപക്ഷേ ശവകുടീരത്തിന് മുകളിൽ ലില്ലി ആൻറിക് പകരം ഇവയുടെ പേര് ആയിരുന്നു ഉയരേണ്ടിയിരുന്നത്. മരണം എന്ന ഭീകരവും ഭയാനകവുമായ സത്യം അവൻ അറിയുന്നതിന് മുൻപ് അമ്മ അത് സ്വയം

അനുഭവിക്കുകയായിരുന്നു. നബിയുടെ ഇപ്പോഴത്തെ ഹൃദയം ഒരിക്കൽ ലില്ലി ആൻറി മറ്റുള്ളവരെ സ്നേഹിക്കുവാനും കരുണ കാട്ടുവാനുമായി ഉപയോഗിച്ചതായിരുന്നു.

പക്ഷേ രണ്ടാഴ്ചയായി അവൻ അമ്മയുടെ ശവകുടീരത്തിന് അടുത്ത് പോയിട്ട്. അവൻ അമ്മക്ക് മാത്രം കൊടുക്കാറുള്ള പനിനീർപ്പൂവ് എടുത്ത് ഇപ്പോഴവൻ പോകാറുള്ളത് അന്നയുടെ അടുത്തേക്കാണ്. തന്റെ പ്രണയം സ്വീകരിക്കണം എന്ന് അഭ്യർത്ഥനയുമായി. അവൻ 16 കൊല്ലം നമ്മക്ക് കൊടുത്ത സ്നേഹം എല്ലാം 16 ദിവസങ്ങൾ കൊണ്ട് അന്നക്ക് കൊടുത്തു. മിനിഞ്ഞാന്ന് അന്ന അവരുടെ കൂട്ടുകാരുടെ എല്ലാം മുന്നിൽവെച്ച് എബിയുടെ പ്രണയം സ്വീകരിക്കാമെന്നും പക്ഷേ അതിനായി തനിക്കായി ഒരു പവിഴ മോതിരം കൊണ്ടുവരണമെന്നും പറഞ്ഞു. അതിനായി അവൻ കുറെ ശ്രമിച്ചു. എങ്കിലും ഒരു ദിവസം കൊണ്ട് ആർക്കും ഒരു കവിയാകാൻ ആവില്ലല്ലോ. അങ്ങനെ അവൻ കൂട്ടുകാർക്കിടയിൽ നാണംകെട്ടു.

ഇനി ഒരിക്കലും ശിരസുയർത്തി നിൽക്കാൻ ആവില്ലെന്ന് അവൻ വിശ്വസിച്ചു. ആൻ പ്രിയതമയായി കാണുന്ന അന്ന തന്നേ നിരസിച്ചു എന്നത് അവനെ കൂടുതൽ ദുഃഖിപ്പിച്ചു. അമ്മയുടെ ഓർമ്മ ദിവസമായ അന്ന് അവൻ തറവാട്ടിലും പോയില്ല. വീട്ടിലും പോയില്ല. ശനിയാഴ്ച സൂര്യനുദിച്ചപ്പോൾ കാണുന്നത് ഒരു പയനീർ പൂവ് കൈയ്യിൽ പിടിച്ച് പുഴക്കരയിൽ കിടക്കുന്ന അവൻറെ ചലനമറ്റ ശരീരമായിരുന്നു.

തെളിഞ്ഞ ആകാശം. ശാന്തമായി ഒഴുകുന്ന പുഴ.

# ഉണ്ണിക്കുട്ടന്റെ ലോകം

**Anvitha**

നന്തനാർ എന്ന തൂലികാനാമത്തിൽ കൃതികൾ രചിച്ച് മലയാള സാഹിത്യത്തിൽ കഴിവ് തെളിയിച്ച പ്രതിഭയാണ് പിസി ഗോപാലൻ. ഗ്രാമീണ വീചിയിലെ പടിപ്പുരയിൽ നിന്നുകൊണ്ട് ഉണ്ണിക്കുട്ടൻ അവന്റെ വിസ്മയങ്ങളുടെയും,വികൃതിയുടെയും ആഹ്ലാദത്തിമിർപ്പിന്റേയും കുഞ്ഞു നൊമ്പരങ്ങളുടെയും ഒരു ചെറു നോവലാണ് പിസി ഗോപാലന്റെ രചനയായ 'ഉണ്ണിക്കുട്ടന്റെ ലോകം'

ഗൃഹാതുരത്വം ഉണർത്തുന്ന ഗ്രാമീണ പശ്ചാത്തലത്തിൽ ഒരു ചെറിയ കുടുംബത്തിലെ ഉണ്ണിക്കുട്ടൻ എന്ന കുരുന്നിന്റെ കാഴ്ചപ്പാടിൽ ഈ ലോകം എങ്ങനെയെന്ന് വരച്ചു കാട്ടുകയാണ് നന്തനാർ.

ഉണ്ണിക്കുട്ടൻ ഒരു സാധാരണ കുട്ടിയാണ്. നാട്ടിൻപുറത്തെ നിഷ്കളങ്ക ബാലൻ. തനിക്ക് ചുറ്റുമുള്ളതെല്ലാം ആകാംക്ഷയോടെ നോക്കിക്കാണുന്നു.മാവിൻ കൊമ്പിലേക്ക് പറക്കുന്ന കാക്കയും,ഇടയ്ക്കിടെ ഓടിപ്പായുന്ന ഓന്തിനെയും, കീരിയെയും, അവനെ പ്രകൃതിയിലെ ഓരോ ജീവികളെയും ആവേശം ജനിപ്പിക്കുന്ന ജന്തുക്കളെയും അവൻ വിസ്മയ കാഴ്ചയായി കാണുകയാണ്. ഉണ്ണിക്കുട്ടന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും ഈ നോവലിന് പുതിയ ഏടുകൾ സമ്മാനിക്കുന്നു.നിഷ്കളങ്കവും രസകരവുമായ കാഴ്ചയാണ് ഈ നോവൽ ഗ്രാമത്തിന്റെ പടിപ്പുരയിൽ കാലൂന്നി ഉണ്ണിക്കുട്ടൻ ജന്മ വിസ്മയങ്ങളുടെയും വികൃതിയുടെയും അതിൽ നിന്ന് ഉണ്ടാക്കുന്ന ആഹ്ലാദത്തിന്റെ ലോകത്തേക്ക് നമ്മെ എത്തിക്കുന്നു. ഒരു കുട്ടിയുടെ വീക്ഷണത്തോടെ ലോകം പര്യയാടനം നടത്തുകയാണ്, നന്തനാർ പൊതുവേ കുട്ടികളുടെ സമൂഹം വ്യക്തികളായി പരിഗണിക്കുന്നില്ല പക്ഷേ മുതിർന്നവരുടെ തണലിൽ കഴിയുന്ന ചെറിയ ചെടികളാണ് എന്നാണ് ഈ നോവലിലൂടെ നന്ദനാർ പറയുന്നത്.കുട്ടികൾക്ക് കുട്ടികളുടേതായ ലോകമുണ്ട് അത് മുതിർന്നവരുടെ ലോകമായി അതിർത്തി പങ്കിടാറില്ല. ഈ നോവലിൽ ഉണ്ണിക്കുട്ടന് സ്വന്തമായ ഒരു ലോകമുണ്ട് ആ ലോകത്ത് അവൻ തികഞ്ഞ ഒരു പൗരനാണ്. ഒന്നിനും അവകാശപ്പെടാത്ത ഒരു സാധാരണ

നാട്ടിൻപുറത്തുകാരൻ.

ഉണ്ണിക്കുട്ടന്റെ സഹോദരനായ കുട്ടേട്ടനും, അമ്മിണിയും, മുത്തച്ഛൻ,മുത്തശ്ശിയും,കാര്യസ്ഥൻ കുട്ടൻ നായരും, വേലയ്ക്കു നിൽക്കുന്ന കാളിയ മ്മയുമാണ് ഉണ്ണിക്കുട്ടന്റെ വഴികാട്ടികൾ. ഉണ്ണിക്കുട്ടനും സഹോദരങ്ങൾക്കിടയിലുള്ള ഇണക്കങ്ങളും പിണക്കങ്ങളും ലളിതമായി കഥയിൽ വിവരിച്ചിരിക്കുന്നു. അതിന്റെ മാധുര്യമത്രയും ചേർന്നുപോകാതെ പകർന്നു തരുകയാണ് നന്തനാർ.

അണു കുടുംബങ്ങളുടെ നവലോകത്ത് മുത്തശ്ശനും മുത്തശ്ശിയും അന്യമായി തീരുമ്പോൾ ഉണ്ണിക്കുട്ടന്റെ ലോകം പഴമയുടെ നിഷ്കളങ്ക പാഠം പകരുന്നു. ഉണ്ണിക്കുട്ടന്റെ കുട്ടിക്കാലം മുതിർന്നവരുടെ ബാല്യകാലം ഓർമ്മപ്പെടുത്തുന്നു. പ്രപഞ്ച ബാല്യത്തിന്റെ പ്രതിനിധിയാണ് ഉണ്ണിക്കുട്ടൻ. അനേകം അറിവുകളുടേയും അനുബന്ധത്തിന്റെയും പോയ്ക്കായി ഉണ്ണിക്കുട്ടനെ  കാണാം.

അവതരണവും ഭാഷാശൈലിയും കൊണ്ട് ഒരു ചെറിയ കുട്ടിയുടെ പഴമയും നല്ല  കാലഘട്ടവും നമുക്ക് മുന്നിൽ ആവിഷ്കരിക്കാൻ നന്തനാർക്ക് കഴിഞ്ഞു. ഞാൻ കേട്ട് വളരുന്ന ഭാഷ ഈ നോവലിലെ ഓരോ കഥാപാത്രവും സ്വീകരിക്കുമ്പോൾ വായനാ സരളമാവുക മാത്രമല്ല ചെയ്യുന്നത് കൂടെ ആനന്ദം വിതറാൻ കഴിവുള്ള ഒരു സമ്മാനമായി മാറുക കൂടിയാണ് ഈ നോവൽ.

# മാമ്പഴം

Abhinav K

മാമ്പഴം എന്ന കവിതയുടെ ആസ്വാദനക്കുറിപ്പ് ആണ് ഞാൻ ഇവിടെ തയ്യാറാക്കിയത് .

ഗ്രാമ ജീവിതത്തിൻ്റെ നന്മ വഴികളിലൂടെ ജീവിത യാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച പ്രശസ്തനായ മലയാള കവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ മാമ്പഴം എന്ന കവിതയിൽ വാത്സല്യനിധിയായ മകൻ്റെ വേർപാടിന്റെ വേദനയിൽ നീറുന്ന മാതാവിൻ്റെ തേങ്ങലുകളാണ് കവി സൂചിപ്പിക്കുന്നത്.

വീട്ടുമുറ്റത്തെ തൈമാവിൽ നിന്നും ആദ്യത്തെമാമ്പഴം വീഴുന്നത് കാണുന്നഅമ്മ .നാലുമാസം മുമ്പ് ആ മാവ് പൂത്ത് തുടങ്ങിയപ്പോൾ തന്റെ മകൻ ഒരു പൂങ്കുല പൊട്ടിച്ചതും താൻ ശകാരിച്ചതും ഓർക്കുന്നു ."മാങ്കനി വീഴുന്നേരം ഓടിച്ചെന്നെടുക്കേണ്ടോൻ പൂങ്കുല തല്ലുന്നത് തല്ലു കൊള്ളാഞ്ഞിട്ടല്ലേ" എന്ന അമ്മയുടെ ശകാരം കുഞ്ഞിനെ സങ്കടപ്പെടുത്തുകയും കളങ്കമേശാത്ത അവന്റെ കണ്ണിനെ കണ്ണുനീർത്തടാമാക്കുകയും ചെയ്തിരുന്നു .മാമ്പഴം പെറുക്കാൻ താൻ വരുന്നില്ല എന്ന് പറഞ്ഞ് പൂങ്കുല മണ്ണിൽ എറിഞ്ഞു കളഞ്ഞ കുട്ടി മാമ്പഴക്കാലത്തിനു മുമ്പേ മരിച്ചു പോയി.കൊച്ചു കുട്ടികൾക്ക് അക്ഷരം കൂട്ടിക്കൊല്ലാറായിട്ടില്ലെങ്കിലും അവർ പറയുന്നത് അർത്ഥപൂർണമാകുന്നു.

മാമ്പഴം പെറുക്കാൻ വരുന്നില്ല എന്ന് കുട്ടി പറഞ്ഞ വാക്കുകൾ ദീർഘദർശനമായി പരിണമിച്ചു കുഞ്ഞിനോടുള്ള സ്നേഹവും കുഞ്ഞിനെന്തെങ്കിലും അസുഖം വരുമ്പോൾ അസ്വസ്ഥതയും അധീരവും ആകുന്ന അമ്മയുടെ ദുഃഖവും, മാമ്പഴം എന്ന കവിതയിൽ ഉടനീളം കാണാം. കൗതുകവശാൽ കാണിച്ച കുസൃതി അമ്മ ഇവനെ ശാസിച്ചെങ്കിലും പിന്നീട് മകൻ്റെ പെട്ടെന്നുള്ള മരണം അമ്മയെ തീ ദുഃഖത്തിൽ സാധാരണമായ ഈ സംഭവത്തെ അസാധാരണമായ ഒരു വികാരമാക്കി വൈലോപ്പിള്ളി മാറ്റിയിരിക്കുന്നു .അതോടൊപ്പം അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു.

# തിരയൊഴിയാതെ

**Vaibhav KC**

നേരം പുലർന്നു. സാവിത്രി എന്തോ ആലോചിക്കുകയാണ്. തന്റെ മകൻ പത്താം ക്ലാസിലെ ആയപ്പോൾ ആരോടും മിണ്ടുന്നില്ല. ചോദിച്ചതിന് മറുപടിയില്ല. അവർ അതും ആലോചിച്ചിരിക്കുന്ന സമയത്താണ് ജനാർദ്ദനൻ കയറിവന്നത്. എന്തുപറ്റി സാവിത്രി എന്ന ചോദ്യം അവരെ ചിന്തയിൽ നിന്നുണർത്തി. ഒന്നും പറയണ്ട, അദ്ദേഹത്തിന് മൂക്കത്താണ് ദേഷ്യം. സാവിത്രി ഒന്നുമില്ലെന്ന് തലയാട്ടി.

കിഷൻ രാവിലെ ഉണർന്നു. ആരോടും ഒന്നും പറയാതെ ബാഗും എടുത്ത് റോഡിലേക്ക് ഇറങ്ങി. സാവിത്രി പുറകെ നിന്ന് വിളിച്ചത് അവൻ കേട്ടതായി ഭാവിച്ചില്ല. കൃഷ്ണൻറെ ഈ മാറ്റം അവൻറെ ക്ലാസ് ടീച്ചറെ അറിയിക്കാൻ സാവിത്രി തീരുമാനിച്ചു. സ്കൂളിലെത്തിയ സാവിത്രിയോട് കൃഷ്ണനിൽ വന്ന മാറ്റം ടീച്ചർ സൂചിപ്പിച്ചു. അവൾക്ക് സങ്കടം സഹിക്കാനായില്ല. വീട്ടിലെത്തിയ കൃഷ്ണനെ അവർ ചോദ്യം ചെയ്തു. ടൃഷൻ ദേഷ്യത്തോടെ സാവിത്രിയെ തള്ളിയിട്ടു.

സാവിത്രിയുടെ നെറ്റ് ചോര വന്നു. ഇത് കണ്ടാണ് ജനാർദ്ദനൻ കയറിവന്നത്. സാവിത്രിയെ പെട്ടെന്ന് ജനാർദ്ദനൻ ഹോസ്പിറ്റലിൽ ആക്കി. എൻറെ മകൻ സ്വന്തം അമ്മയെ ഉന്തിയിട്ട സങ്കടം സാവിത്രിക്ക് മറക്കാനായില്ല. ജനാർദ്ദനൻ തന്റെ മകനെ ആദ്യമായി ദേഷ്യത്തോടെ തല്ലി. വലിയ സങ്കടത്തിൽ അച്ഛനെ എന്തൊക്കെയോ പറഞ്ഞു വീട്ടിൽ നിന്ന് കിഷൻ ഓടി. തൻറെ കൂട്ടുകാരനായ രാഹുലിന്റെ കൂടെ ബൈക്കിൽ ലഹരിയുമായ സഞ്ചരിക്കുമ്പോൾ പെട്ടെന്ന് പോലീസ് പിടിക്കുകയും ചെയ്തു. രാവിലെ ജനാർദ്ദനം കണ്ടത് തൻറെ മകനെയും അവൻറെ കൂട്ടുകാരനെയും കൊണ്ടുപോയി വീട്ടിലേക്ക് വന്നതാണ്.

സാവിത്രി പോലീസിനോട് ചോദിച്ചപ്പോൾ പോലീസ് പറഞ്ഞത് കിഷനും രാഹുലും ലഹരി മാഫിയയുടെ പിടിയിലാണ് എന്നാണ്. ഇത് കേട്ട സാവിത്രി പൊട്ടിക്കരഞ്ഞു. നാട്ടുകാർ കാണുക മകനെ വലിച്ചുകൊണ്ടു പോകുന്ന കാഴ്ച അവർക്ക് കണ്ടുനിൽക്കാനായില്ല. ഏക മകൻ ഇല്ലാതെ അവർക്ക് സ്വന്തം വീട്ടിൽ ഇനി ജീവിക്കാൻ കഴിയില്ല എന്ന ബോധം ഉള്ളതിനാൽ പാവം അച്ഛനും അമ്മയും ഈ ലോകത്തോട് വിട പറഞ്ഞു

# കവിത

## Malavika Rahul

പുലർക്കാല സ്വപ്നത്തിൽ വന്നുദിക്കുന്നൊരു നേർക്കാഴ്ച -
യെന്നുമെന്നും പാട്ടുപാടിപ്പഠിപ്പിച്ചുറിയും
എന്നെ പോകുന്നതെന്നുമെമ്മ

വത്തുമാസം ചുമന്നുനടന്നെ ഭ്രമുഖം കാണിച്ചുതന്നതെന്നമ്മ
ഞാനാരായണന്നും അച്ഛനാരാണെന്നും
കാണിച്ചുതന്നതും അമ്മ

ഞാൻ പാരിലിതാദ്യം കണ്ടം -
കൊച്ചുനാവിൽനിന്നും ആദ്യം
പുറപ്പെട്ട അക്ഷരമാണെൻ്റെ അമ്മ

കഷ്ടപ്പാടിൻ്റെ നോവറിയാതെന്നെപ്പോറ്റുന്നതെന്നുമെന്ന
തുമ്പപ്പൂവിൻ്റെ ചിരി തൂകുന്ന
ചൈതന്യമെന്നുമെന്നുമെന്നമ്മ

# പ്രകൃതി

Vishwa P

മലകളുടെ ഇടയിലൂടെ സന്തോഷത്തോടെ പുഞ്ചിരിച്ച് പ്രകൃതിയെ നീണ്ട നിദ്രയിൽ നിന്ന് എഴുന്നേൽപ്പിക്കാൻ വന്ന സ്വർണ്ണ നിറത്തിലുള്ള കുപ്പായം ഇട്ട കുസൃതി കുട്ടൻ സൂര്യൻ.സൂര്യൻ വന്നാൽ പക്ഷികളുടെ ഗാനമേള തുടങ്ങും  നൃത്തച്ചുവടുമായി മയിലുകൊള്ളുടെ ഒരു കൂട്ടം തന്നെ അവിടെ എത്തും. കുസൃതിക്കുട്ടൻ സൂര്യന്റെ വെളിച്ചം ഏറ്റും പക്ഷികളുടെ ഗാനമേള കേട്ടും  കുഞ്ഞുമൊട്ടുകൾ കണ്ണ് തുറക്കുകയും മനോഹരമായ പൂവാകുകയും ചെയ്യുന്നു. മൊട്ടുകൾ വിരിഞ്ഞു എന്ന കാര്യം അവയെ തലോടി ഉറക്കാനായി എത്തുന്ന ഇളം കാറ്റ്, അതിന്റെ പിന്നാലെ പൂന്തേനിന്റെ സുഗന്ധം  പൂമ്പാറ്റ, വണ്ട് എന്നീ കുട്ടിക്കുറുമ്പന്മാരുടെ മൂക്കിലെത്തുന്നു. കല്ലുകളെ തട്ടി തെറിപ്പിച്ച് കുതിച്ചു പായുന്ന പുഴ.

അതിൽ നിന്ന് തുള്ളിക്കളിക്കുന്ന മീനുകൾ. രാത്രികളിൽ ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ പോലെ പകൽ ആകാശത്തിൽ കറുത്ത കുപ്പായം ഇട്ട്  പറന്നു കളിക്കുന്ന കാക്കകൾ. പുഴയിൽ കളിക്കുന്ന മീനുകളെ പിടിക്കാൻ വേണ്ടി ഒറ്റക്കാലിൽ തപസ്സു ചെയ്യുന്ന വെള്ള കുപ്പായം ഇട്ട കൊറ്റികൾ. മരത്തിന്റെ മുകളിൽ നിന്ന് അങ്ങും ഇങ്ങും ചാടിയും ഊഞ്ഞാലാടിയും കളിക്കുന്ന കുരങ്ങച്ചൻമ്മാർ. സൂര്യനെ പോലെ സ്വർണ്ണ നിറത്തിലുള്ള പഴങ്ങൾ കഴിക്കാനായി എത്തുന്ന അണ്ണാരക്കണ്ണന്മാർ.

# പനിനീർ പൂവ്

**Zoya Rahman OK**

വജ്രങ്ങളായവ വന്നു വീണു,
പാരിന്റെ മണ്ണിൽ വന്നു വീണു.
ബാഷ്പനിറഞ്ഞുവെൻ കണ്ണിൽ,
കാർമേഘമേറെയുണ്ട് വിണ്ണിൽ,
തുള്ളികളായി അവയിൽ നിറഞ്ഞു,
എത്രയോ എത്രയോ കണ്ണീർ.

ഏകയായി അവിടം ഇരുന്നു കരഞ്ഞു ഞാൻ,
ശാന്തമായി എൻ കൂടെ കരഞ്ഞു കാർമുകിൽ.
കവിളിലൂടെ കൊഴിഞ്ഞു കണ്ണീർ,
അതിനുടമ, ഞാനാകുന്ന പനിനീർ.

ഇലകൾക്കിടയിൽ ആരുമില്ലാത്തൊരു
പനിനീർ പൂവാണു ഞാൻ.
ഇതളുകളാം സുഖത്തിനൊപ്പം,
തന്നു ദൈവം, മുള്ളുകളാം ദുഃഖവും.
ഇതളുകളെക്കാൾ മുള്ളുകളോ എൻ
ജീവനിൽ എന്നു ഞാൻ ഓർത്തിരുന്നു.

കൊഴിഞ്ഞു വീണു,എത്രയോ ഇലകൾ,
കൊഴിയാത്തിരുന്നു ശാഖകൾ അന്ന്.
കൊഴിഞ്ഞ ഇലകൾ മണ്ണിൽ ചേർന്നപ്പോൾ,
ശാഖയിൽ വന്നു തിളക്കമപ്പോൾ.
കൊഴിയാതിരുന്നാൽ എനിക്കും വരില്ലേ,
ശാഖയെ പോലെ 'തിളക്കം'....

# The gift of Nature

**Sanmaya Aneesh Babu**

The sun was burning
It was a hot day
Whole Earth was dried
But an unexpected rain
Chilled everything.

The herbs open their eyes
To see the charming rain
And the trees open their ears
To hear the giggling of water
All open their mouth
To taste the pure drops

First scent of the first shower by Earth
Birds winged with pleasure
The farmers took their spades
And rushed to their fields
And the land were ploughed.

# Little Kites Club report 2023-24

സ്കൂളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളിൽ ഐടി മേഖലയിൽ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒന്നാണ് ലിറ്റിൽ കൈറ്റ്സ്. 2018 രൂപീകൃതമായ ഈ സംഘടനയുടെ മൂന്ന് ബാച്ചുകൾ ആണ് ഈ വർഷം വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത്. 54 ആൺകുട്ടികളും, 69 പെൺകുട്ടികളും അടക്കം 123 അംഗങ്ങൾ ക്ലബ്ബിൻ്റെ സജീവ പ്രവർത്തകർ ആണ്. മലയാളം ടൈപ്പിംഗ്, അനിമേഷൻ , റോബോട്ടിക്സ്, പ്രോഗ്രാമിങ് തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

YouTube channel

2022-23 അധ്യയന വർഷം ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻ്റെ ചരിത്രത്തിലെ ഒരു പ്രധാന ഏടായിരുന്നു. സ്കൂളിൽ നടക്കുന്ന പാഠ്യപാഠ്യേതര വിഷയങ്ങൾ സമൂഹത്തിൽ എത്തിക്കുന്നതിനായി 2022 ജൂലായ് മാസം 28 ആം തീയതി ഞങ്ങൾ ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചു. വാരാന്ത്യ വാർത്തകളും, വ്യത്യസ്തമായ മറ്റു പരിപാടികളും നൽകിക്കൊണ്ട് ചുരുങ്ങിയ കാലം കൊണ്ട് തന്നെ ഞങ്ങളുടെ യൂട്യൂബ് ചാനലിന് വളരെ നല്ല പ്രേക്ഷകപ്രീതിയാണ് ലഭിച്ചത്. ഇന്ന് സ്കൂളിൻ്റെ പുറംലോകവുമായുള്ള ബന്ധത്തിന് സക്രിയമായ പിന്തുണയാണ് ഈ യൂട്യൂബ് ചാനൽ നൽകുന്നത്.

സബ് ജില്ലാ കലോത്സവം

2022 23 വർഷത്തെ കണ്ണൂർ സൗത്ത് ഉപജില്ലാ കലോത്സവം അഞ്ചരക്കണ്ടി സ്കൂളിൽ നടക്കുന്ന വേളയിൽ, കലാപരിപാടികൾ തൽസമയം ഞങ്ങളുടെ യൂട്യൂബ് ചാനലിലൂടെ സബ് ജില്ലയിലെ മുഴുവൻ സ്കൂളുകളിലേക്കും പുറംലോകത്തേക്കും എത്തിക്കാൻ സാധിച്ചു. അതോടൊപ്പം പ്രചരണ കമ്മിറ്റിയുമായി ബന്ധപ്പെട്ട് സമൂഹത്തിൻ്റെ നാനാതുറകളിൽ

പ്രസിദ്ധാരായ വ്യക്തികളുടെ ആശംസാവീഡിയോകൾ കൂടി നൽകി വരാനിരിക്കുന്ന സബ്ജില്ലാ കലോത്സവത്തെ ഒരു ജനകീയ വേദിയാക്കി മാറ്റാൻ ഞങ്ങളുടെ യൂട്യൂബ് ചാനലിലൂടെ ക്ലബ്ബിന് സാധിച്ചു.

## ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം

ഡിസംബർ രണ്ടാം തീയതി ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനത്തിൻറെ ഭാഗമായി കൈറ്റ് ട്രെയ്നർ ആയ ശ്രീ രജിത് മാസ്റ്റർ കുട്ടികൾക്ക് ക്ലാസ്സ് നൽകിയിരുന്നു.

## ഐടി മേളകളിലെ പങ്കാളിത്തം

ഐടി മേളകളിൽ മികച്ച പങ്കാളിത്തവും, അതിനൊത്ത ഫലവും നേടിയെടുക്കാൻ ഞങ്ങൾക്ക് സാധിച്ചു. ക്ലബ്ബിലെ നിലവിലെ അംഗങ്ങളെയും, മറ്റുള്ളവരെയും ഉൾപ്പെടുത്തി സ്കൂൾ തല ഐടി മേള സംഘടിപ്പിച്ചു. വിജയികൾക്ക് കൂടുതൽ പരിശീലനങ്ങൾ നൽകി അവരെ സബ്ജില്ല, ജില്ലാ മേളകളിൽ പങ്കെടുപ്പിച്ചു.

## ലിറ്റിൽ കൈറ്റ്സ് ക്യാംപ്/യൂണിഫോം

സബ്ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക് അനിമേഷൻ, പ്രോഗ്രാമിങ് വിഭാഗങ്ങളിൽ 8 കുട്ടികൾ ആണ് തെരഞ്ഞെടുക്കപ്പെട്ടത്. അവരിൽ നിന്ന് പ്രോഗ്രാമിങ്, അനിമേഷൻ ഇനങ്ങളിൽ കണ്ണൂർ സൗത്ത് ഉപജില്ലയിൽ നിന്നും ഞങ്ങളുടെ സ്കൂളിലെ ഓരോ കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടു എന്നത് ഇവിടെ സ്മരിക്കുന്നു.

ഒപ്പം, ഞങ്ങളുടെ ദീർഘകാല സ്വപ്നമായിരുന്ന ഒരു ഏകീകൃത യൂണിഫോം വേണം എന്ന ആശയം ഞങ്ങൾക്ക് ഈ വർഷം സഫലീകരിക്കാൻ സാധിച്ചു. അങ്ങനെ യൂണിഫോം സമ്പ്രദായം കൊണ്ടുവന്ന സബ് ജില്ലയിലെ ആദ്യത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആകാൻ ഞങ്ങൾക്ക് സാധിച്ചു.

# നന്ദി !!